പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1325

20.01.2014 ൽ മറുപടിക്ക്

**കേന്ദ്ര റേഷൻവിഹിതം ഏറ്റെടുക്കൽ**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | ശ്രീ കെ.കെ. ജയചന്ദ്രൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ ഏതെല്ലാം ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ച അരിയുടെ ക്വാട്ട പൂർണ്ണമായും എടുക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന് അനുവദിച്ച നോർമൽ അലോട്ട്മെന്റ് പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. ബി.പി.എൽ, എ.പി.എൽ നിരക്കിലല്ലാതെ ഉയർന്ന നിരക്കിൽ (ഒ.എം.എസ്.എസ്, നിരക്കിൽ) കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുമ്പോൾ അനുവദിക്കപ്പെട്ട ക്വാട്ട മുഴുവനും വിട്ടെടുക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഘട്ടങ്ങളിൽ കേന്ദ്രം ആവശ്യത്തിലധികമായി അരി അനുവദിക്കുകയുണ്ടായി; അനുവദിച്ച അരിയും യഥാസമയം ഏറ്റെടുത്ത അരിയും എത്ര ടൺ വീതമായിരുന്നു; | (ബി) | ആവശ്യത്തിലധികമായി കേന്ദ്രസർക്കാർ അരി അനുവദിച്ചിട്ടില്ല. |
| (സി) | മഴക്കെടുതി, ഉത്സവാഘോഷങ്ങൾ എന്നീ ഘട്ടങ്ങളിൽ കേന്ദ്രം അധിക അരി അലോട്ട് ചെയ്യുകയുണ്ടായോ; എങ്കിൽ ഏതെല്ലാം സീസണുകളിൽ; അനുവദിച്ചത് എത്ര; എടുത്തത് എത്ര; വ്യക്തമാക്കാമോ? | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2011-2012

| ക്രമ. നം | പദ്ധതി | അരി അനുവദിച്ചത് (MT) | ഗോതമ്പ് അനുവദിച്ചത് (MT) | അരി വിട്ടെടുത്തത് (MT) | ഗോതമ്പ് വിട്ടെടുത്തത് (MT) |
|---|---|---|---|---|---|
| 1 | ഒ.എം.എസ്.എസ്. | 54000 | 27000 | 27171 | 14666 |

## 2012-2013

| ക്രമ നം | പദ്ധതി | അരി അനുവദിച്ചത് (MT) | ഗോതമ്പ് അനുവദിച്ചത് (MT) | അരി വിട്ടെടുത്തത് (MT) | ഗോതമ്പ് വിട്ടെടുത്തത് (MT) |
|---|---|---|---|---|---|
| 1 | ഓണം സ്പെഷ്യൽ | 60000 | 30000 | 5843 | 152.5 |

## 2013-2014

| ക്രമ നം | പദ്ധതി | അരി അനുവദിച്ചത് (MT) | ഗോതമ്പ് അനുവദിച്ചത് (MT) | അരി വിട്ടെടുത്തത് (MT) | ഗോതമ്പ് വിട്ടെടുത്തത് (MT) |
|---|---|---|---|---|---|
| 1 | വെള്ളപ്പൊക്ക ദുരിതാശ്വാസം | 5962.798 | 657.489 | ഇല്ല | ഇല്ല |
| 2 | ഓണം സ്പെഷ്യൽ | 63259 | 37450 | 3840 | ഇല്ല |
| 3 | ക്രിസ്മസ് അലോക്കേഷൻ | 30750 | 36900 | ഇല്ല | വിട്ടെടുക്കൽ നടന്നു വരുന്നു. |

ടി ഭക്ഷ്യധാന്യങ്ങൾക്ക് ഉയർന്ന നിരക്കായതിനാലാണ് പൂർണ്ണമായും വിട്ടെടുക്കാൻ സാധിക്കാത്തത്

സെക്ഷൻ ഓഫീസർ